മാതൃഭൂമി
30 November 2017

# സി.എം.എഫ്.ആർ.ഐ.യുടെ വിൻറർ സ്കൂൾ നാളെ

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) നടത്തുന്ന വിൻറർ സ്കൂൾ വെള്ളിയാഴ്ച തുടങ്ങും. ഉപഗ്രഹ സാങ്കേതിക വിദ്യ മത്സ്യമേഖലയുടെ പുരോഗതിക്കായി ഉപയോഗപ്പെടുത്തുന്നതിൻെറ ഭാഗമായാണ് 21 ദിവസത്തെ വിൻറർ സ്കൂൾ സി.എം.എഫ്.ആർ.ഐ.യിൽ നടക്കുന്നത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സ്ഥിതിചെയ്യുന്ന ഗവേഷണ സ്ഥാപനങ്ങളിലെയും കാർഷിക സർവകലാശാലകളിലെയും ഗവേഷകരും അധ്യാപകരുമായ 25 പേർക്കാണ് സി.എം.എഫ്.ആർ.ഐ. പരിശീലനം നൽകുന്നത്.

ഇന്ത്യൻ കാർഷിക ഗവേഷണ കേന്ദ്രത്തിൻെറ (ഐ.സി.എ.ആർ.) സാമ്പത്തിക സഹായത്തോടെയാണ് പരിപാടി.

ഉപഗ്രഹ-റിമോട്ട് സെൻസിങ് വിവരങ്ങൾ മത്സ്യമേഖലയിൽ ഉപയോഗിക്കുന്നതിനെ കുറിച്ച് വിൻറർ സ്കൂളിൽ പ്രായോഗിക പരിശീലനം നൽകും. പരിസ്ഥിതിക്ക് പ്രാധാന്യം നൽകി സമുദ്രവിഭവങ്ങൾ സംരക്ഷിക്കുന്നതിനായി ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ യുവ ഗവേഷകരെ പരിചയപ്പെടുത്തും. മറൈൻ ഒപ്റ്റിക്സ്, വിവിധ പരിസ്ഥിതി സൗഹൃദ മോഡലിങ്ങുകൾ തുടങ്ങിയ മേഖലകളിലും പരിശീലനം നൽകും.